പാഠശേഖരം
പുസ്തകങ്ങൾക്കുമപ്പുറം

കേരളത്തിന്റെ നെല്ലറ (പാലക്കാട്)

പാലക്കാടിനെക്കുറിച്ച് സംഘകാല കൃതികളിൽ പരാമർശമുണ്ട്. ചേരമാൻ പെരുമാക്കന്മാർ ഭരിച്ചിരുന്ന പാലക്കാട് പിന്നെ പല്ലവരുടെ പ്രധാന ഇടത്താവളമായിരുന്നു.

ആദ്യം

- പട്ടികജാതിവകുപ്പിന്കീഴിൽസംസ്ഥാനത്തെ ആദ്യ മെഡിക്കൽ കോളേജ് പാലക്കാട് സ്ഥാപിതമായി
- മങ്കരയാണ് സാമ്പത്തിക സാക്ഷരത നേടിയ ആദ്യ പഞ്ചായത്ത് (കേരളത്തിൽ)
- കേരളത്തിലെ ആദ്യ വിവര സാങ്കേതികവിദ്യാ ജില്ല
- കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികേരളത്തിൽ, ആദ്യമായി സ്ഥാപിച്ചത് കഞ്ചിക്കോടാണ്.
- ദക്ഷിണേന്ത്യയിലെആദ്യത്തെ പാസഞ്ചർ റോപ് വേമലമ്പുഴയിലാണ് സ്ഥാപിച്ചത്
- പെരുമാട്ടി പഞ്ചായത്താണ് പൂർണമായും സൗരോർജത്തിൽപ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യ ഗ്രാമ പഞ്ചായത്ത്.
- പാലക്കാടാണ് കേരളത്തിലെ ആദ്യത്തെ ഐ.ഐ.ടി
- ഗ്രാമം പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടത്.
- ദക്ഷിണേന്ത്യയിലെ ആദ്യത്തെ അണുവിമുക്ത ഫാക്ടറി സ്ഥാപിച്ച
- കേരളത്തിലെ ആദ്യത്തെ സൗരോർജ മേൽക്കൂര നിലയം
- കേരളത്തിലെ വൃന്ദാവനം മലമ്പുഴ
- അർദ്ധ ബനാറസ് കൽപ്പാത്തി ക്ഷേത്രം
- റെയിൽവേ സിറ്റി ഷൊർണൂർ
- പാലക്കാടൻകന്നകളുടെ റാണി നെല്ലിയാമ്പതി
- പാവങ്ങളുടെ ഊട്ടി നെല്ലിയാമ്പതി

അതിർത്തികൾ

വടക്ക്: മലപ്പുറം
തെക്ക്: തൃശ്ശൂർ
കിഴക്ക്:
കോയമ്പത്തൂർ ജില്ല (തമിഴ്നാട്)
പടിഞ്ഞാറ്:
മലപ്പുറം, തൃശ്ശൂർ

പ്രത്യേകതകൾ

- വിസ്തീർണത്തിൽ ഒന്നാംസ്ഥാനം
- കൂടുതൽ നെല്ലുത്പാദിപ്പിക്കുന്ന ജില്ല
- ചൂട് കൂടുതലുള്ള ജില്ല
- കൂടുതൽ വ്യവസായവത്കരിക്കപ്പെട്ട രണ്ടാമത്തെ ജില്ല
- പരുത്തി കൂടുതൽ ഉത്പാദിപ്പിക്കുന്ന ജില്ല
- ഇന്ത്യയിൽ സമ്പൂർണമായി വൈദ്യുതീകരിക്കപ്പെട്ട ആദ്യത്തെ ജില്ല

രൂപീകരണം

ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയുടെ ഭാഗമായ ഈ പ്രദേശം സ്വാതന്ത്ര്യത്തിന് ശേഷം മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി. കേരളം രൂപീകരിക്കപ്പെട്ടപ്പോൾ 1956ൽ കേരളത്തിന്റെ ഭാഗമായി, 1957ൽ പാലക്കാട് ജില്ല രൂപീകൃതമായി.

മലമ്പുഴ

മലമ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാരത്തിന് പ്രശസ്തമായ സ്ഥലം

മലമ്പുഴ അണക്കെട്ട്

1955ൽ നിർമ്മിതമായ ഇത് ഉദ്ഘാടനം ചെയ്തത് അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന കാമരാജാണ്. തെക്കേ ഇന്ത്യയിൽ ജലസേചനത്തിനായുള്ള ഏറ്റവും വലിയ അണക്കെട്ടാണിത്.

മലമ്പുഴ ഉദ്യാനം

കേരളത്തിന്റെഉദ്യാനം എന്നറിയപ്പെടുന്ന ഇത് മലമ്പുഴ അണക്കെട്ടിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. 'കേരളത്തിന്റെ വൃന്ദാവനം' എന്ന അപരനാമമുള്ള ഇവിടെ കാനായി കുഞ്ഞിരാമൻ നിർമ്മിച്ച 'യക്ഷി' എന്ന ശില്പമുണ്ട്. കേരളത്തിലെ വിനോദ സഞ്ചാര വികസനത്തിൽ ഇതിന് പ്രധാന സ്ഥാനമുണ്ട്. ദക്ഷിണേന്ത്യയിലെ ആദ്യത്തെ റോപ്വേ ഇവിടെയാണ് തുടങ്ങിയത്.

മലമ്പുഴ ഡാം

ഫാന്റസി പാർക്ക്

കേരളത്തിലെ ആദ്യത്തെ അമ്യൂസ്മെന്റ് പാർക്ക്. 8 ഏക്കർ വിസ്തൃതിയുള്ള ഇത് കുട്ടികൾക്കും മുതിർന്നവർക്കുമായി സജ്ജീകരിച്ചിരിക്കുന്നു.

പാലക്കാട് കോട്ട

ജില്ലയുടെ മുഖമുദ്രയാണ് നഗരത്തിന്റെഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കോട്ട. 1766ൽ ഹൈദരലി പണികഴിപ്പിച്ച കോട്ട ബ്രിട്ടീഷുകാരുടെയും മൈസൂരിലെ സുൽത്താൻമാരുടെയും കീഴിലായിരുന്നു. ഏറ്റവും നന്നായി പരിപാലിക്കപ്പെടുന്ന കോട്ടയായ ഇത് ഇന്ന് ഭാരത പുരാവസ്തുവകുപ്പിന്റെ കീഴിലാണ്.

നെല്ലിയാമ്പതി

നെല്ലിയാമ്പതി മല ഉൾപ്പെടുന്ന പ്രദേശം വിനോദ സഞ്ചാരത്തിന് പ്രശസ്തമാണ്. 'പാവങ്ങളുടെ ഊട്ടി' എന്ന അപരനാമമുള്ള നെല്ലിയാമ്പതിനിത്യഹരിത വനമേഖലയാണ്. തേയില, കാപ്പിത്തോട്ടങ്ങൾ ഉള്ള നെല്ലിയാമ്പതിയിലാണ്കേരളത്തിലെ ഏക ഓറഞ്ച് തോട്ടം സ്ഥിതി ചെയ്യുന്നത്.

നെല്ലി എന്ന ദേവതയുടെ ഊരാണ് നെല്ലിയാമ്പതി. തണുത്ത കാലാവസ്ഥയാണിവിടെ. സീതാർകുണ്ട് എന്ന സ്ഥലമുണ്ടിവിടെ. സീതയും രാമനും ലക്ഷ്മണനും വനവാസക്കാലത്ത് ഇവിടെ താമസിച്ചിരുന്ന എന്ന് കരുതപ്പെടുന്നു.

സമുദ്രമായി പുൽമേട്ടുകളും ചോലക്കാട്ടുകളും ഉള്ള നെല്ലിയാമ്പതിയിലെഏറ്റവും ഉയരമേറിയ സ്ഥലമാണ് പാടഗിരി.

ധോണി

സംരക്ഷിത വനമാണ് ധോണി

കൽപ്പാത്തി രഥോത്സവം

കൽപ്പാത്തിഗ്രാമത്തിൽഎല്ലാവർഷവും നടക്കുന്നപ്രശസ്തമായഉത്സവം. പാലക്കാടിന്റെസാംസ്കാരിക ഉത്സവമാണിത്. ശ്രീവിശ്വനാഥസ്വാമി ക്ഷേത്രത്തിലാണ് വിശാലാക്ഷി സമേതശ്രീരഥോൽസവം നടക്കുന്നത്. കൽപാത്തി പുഴയുടെ തീരത്താണ് എ.ഡി 1425ൽ നിർമ്മിക്കപ്പെട്ട എന്ന് കരുതുന്ന ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

നെന്മാറ വല്ലങ്ങിവേല

നെൻമാറ, വല്ലങ്ങി ഗ്രാമങ്ങൾ ചേർന്ന് നടത്തുന്ന ഉത്സവം. ശ്രീ നെല്ലിക്കുളങ്ങര ഭഗവതി ക്ഷേത്രത്തിലാണിത് നടക്കുന്നത്.

ചിനക്കത്തൂർ പൂരം

ചിനക്കത്തൂർ ഭഗവതി ക്ഷേത്രത്തിൽ നടക്കുന്ന ഉത്സവം

ധോണി

കൽപ്പാത്തി രഥോത്സവം

നെല്ലിയാമ്പതി

ഭാരതപ്പുഴ

നദികൾ

ഭാരതപ്പുഴ

പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിച്ച് അറബിക്കടലിൽ ചേരുന്ന. കേരളത്തിന്റെ സാംസ്കാരിക ചിഹ്നം കൂടിയാണ് നിള എന്ന പേരിലറിയപ്പെടുന്ന ഭാരതപ്പുഴ. കേരളത്തിലെരണ്ടാമത്തെ ഏറ്റവും നീളം കൂടിയ നദിയാണിത്. പൊന്നാനിയിൽ വച്ചാണ് അറബിക്കടലിൽ പതിക്കുന്നത്. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലൂടെ ഒഴുകുന്ന നിളയുടെ തീരം പ്രകൃതിരംഗി നിറഞ്ഞതാണ്. ഒറ്റപ്പാലം, തിരുവില്വാമല, പട്ടാമ്പി, ഷൊർണൂർ, കുറ്റിപ്പുറം, തിരുനാവായ എന്നിവ നിളാതീരത്താണ്.

പോഷക നദികൾ : ഗായത്രിപ്പുഴ, കൽപ്പാത്തിപ്പുഴ, കണ്ണാടിപ്പുഴ.

വാളയാർ അണക്കെട്ട്

കൽപ്പാത്തിപ്പുഴയുടെ പോഷക നദിയായ വാളയാറിനു കുറുകെ നിർമ്മിച്ചിരിക്കുന്ന അണക്കെട്ട് ജലസേചനത്തിനാണ് ഉപയോഗിക്കുന്നത്.

പോത്തുണ്ടി അണക്കെട്ട്

പാലക്കാട്ടെ ഒരു ചെറിയ പട്ടണമായ പോത്തുണ്ടിയിൽ ആണിത്. ഇന്ത്യയിലെ തന്നെ മണ്ണ് കൊണ്ടുണ്ടാക്കിയ ഏറ്റവും വലിയ അണക്കെട്ട്. അയിലൂർപുഴയുടെ കൈവഴികളിലാണ് അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത്. കൃഷിക്കും കുടിവെള്ളത്തിനും ഇതിലെ ജലം ഉപയോഗിക്കുന്നു. ഏറ്റവും കൂടുതൽ ജലസേചന പദ്ധതികളുള്ള നദിയാണ് ഭാരതപ്പുഴ

അട്ടപ്പാടി

പശ്ചിമ ഘട്ടത്തിന് താഴെയുള്ള മലയോര പ്രദേശം. മണ്ണാർക്കാട് താലൂക്കിലെ ഷോളയൂർ, അഗളി, പുതൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ ചേർന്ന് അറിയപ്പെടുന്ന പേരാണ് അട്ടപ്പാടി. കുടിയേറ്റ കർഷകരും ആദിവാസികളുമാണ് പ്രധാനമായും ഇവിടെ താമസിക്കുന്നവർ. കൃഷിയാണ് പ്രധാന വരുമാനമാർഗ്ഗം.

അട്ടപ്പാടി ബ്ലാക് ആട്

അട്ടപ്പാടിയിൽ മാത്രം കാണപ്പെടുന്ന ഒരിനം ആട്. കറുത്ത നിറവും ചെമ്പൻ കണ്ണുകളുമാണിവയ്ക്ക്. പാലിനും ഇറച്ചിക്കും ഉപയോഗിക്കുന്നു. വംശനാശ ഭീഷണി നേരിടുന്ന ഇനമാണിത്.

ഭാരതപ്പുഴയുടെ പോഷക നദികൾ അട്ടപ്പാടിയിൽ നിന്നും ഉത്ഭവിക്കുന്നു. പ്രകൃതി ഭംഗി നിറഞ്ഞ അട്ടപ്പാടി സഞ്ചാരികൾക്ക് പ്രിയമേറിയ സ്ഥലമാണ്.

അട്ടപ്പാടി

പറമ്പിക്കുളം വന്യജീവി സംരക്ഷണ കേന്ദ്രം

തമിഴ്നാട്ടിലെ ആനൈമല എന്ന വന്യജീവിസങ്കേതവുമായിചേർന്ന് കിടക്കുന്നു. ഏഷ്യയിലെതന്നെ ഏറ്റവും വലിയ തേക്കായകന്നിമരം ഇവിടെയുണ്ട്.

കന്നിമരം

കേരളത്തിലെ തന്നെ ഏറ്റവും പഴക്കം ചെന്ന മരങ്ങളിലൊന്നാണിത്. 7 മീറ്ററിലധികം ചുറ്റളവുള്ള ഈ മരത്തിന് 450 വർഷങ്ങൾക്കുമേൽ പ്രായമുണ്ട്. 1994-95ൽ ഈ വൃക്ഷത്തിന് ഭാരത സർക്കാരിന്റെ മഹാവൃക്ഷപുരസ്കാരം ലഭിക്കുകയുണ്ടായി. കടുവകൾ, മ്ലാവ്, വരയാട്, ആന, കാട്ടുപോത്ത് എന്നിവഈ വന്യജീവി കേന്ദ്രത്തിലുണ്ട്. തൂണക്കടവ് അണക്കെട്ട് ഇവിടെയാണ്.

സൈലന്റ് വാലി ദേശീയോദ്യാനം

സൈരന്ധ്രി വനം എന്ന് പുരാണകാലത്ത് അറിയപ്പെട്ടിരുന്ന ഈ ദേശീയോദ്യാനം പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്നു. 1985 ൽ രാജീവ് ഗാന്ധിയാണ് ദേശീയോദ്യാനം രാഷ്ട്രത്തിന് സമർപ്പിച്ചത്. കേരളത്തിലെ തന്നെ ഏറ്റവും പ്രാധാന്യമേറിയ മഴക്കാടുകൾ ഇവിടെയുണ്ട്.

പ്രകാശം പരത്തിയവർ

സഹോദരൻ അയ്യപ്പൻ

സഹോദരൻ അയ്യപ്പൻ; ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിരുന്നെങ്കിലും നാസ്തികനായിരുന്ന സാമൂഹ്യ പരിഷ്കർത്താവും പത്രപ്രവർത്തകനും ചിന്തകനുമായ സഹോദരൻ അയ്യപ്പൻ. എറണാകുളം ജില്ലയിലെ ചെറായിലാണ് അദ്ദേഹം ജനിച്ചത്. ശ്രീനാരായണഗുരു, കുമാരനാശാൻ എന്നിവർ അയ്യപ്പനെ പഠിപ്പിക്കാൻ പ്രോത്സാഹിപ്പിച്ചു. വിദ്യാപോഷിണി എന്ന സംഘടന ചെറായിയിൽ അദ്ദേഹം സ്ഥാപിച്ചു. 1917 ലാണ് സഹോദര പ്രസ്ഥാനം സ്ഥാപിച്ചത്.

സഹോദരൻ എന്ന പത്രം അദ്ദേഹം ആരംഭിച്ചത് ഈ സംഘടനയുടെ ആഭിമുഖ്യത്തിലാണ്. അതിനുശേഷം ഇദ്ദേഹം സഹോദരൻ അയ്യപ്പൻ എന്നറിയപ്പെടാൻ തുടങ്ങി. മതവിശ്വാസത്തിന് എതിരായിരുന്നില്ല അയ്യപ്പൻ, പകരം അദ്ദേഹം വിമർശിച്ചത് ജാതിവ്യവസ്ഥയെയായിരുന്നു. ശ്രീനാരായണഗുരുവിന്റെ ഒരുജാതി, ഒരുമതം, ഒരു ദൈവം മനുഷ്യന് എന്നതിനെ ഗുരുവിന്റെ തന്നെ സമ്മതത്തോടുകൂടി ജാതിവേണ്ട, മതംവേണ്ട, ദൈവം വേണ്ട മനുഷ്യന് എന്ന് വ്യത്യാസം വരുത്തി പ്രചരിപ്പിച്ചു. യുക്തിവാദി മാസികയുടെ സ്ഥാപകരിൽ ഒരാളായ അയ്യപ്പൻ ആരംഭിച്ചമറ്റൊരു പ്രസിദ്ധീകരണമാണ് വേലക്കാരൻ. ശ്രീനാരായണ സേവികാ സമാജം സ്ഥാപിച്ച അയ്യപ്പൻ പിന്നീട് രാഷ്ട്രീയ പ്രവർത്തനങ്ങളിലും സജീവമായി.

1928 ൽ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ളിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട. പുരോഗമനപരമായ ആശയങ്ങൾ അദ്ദേഹം കൊച്ചിയിൽ പ്രാവർത്തികമാക്കാൻ പ്രയത്നിച്ചു. കൊച്ചിൻ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതാക്കളിലൊരാളയ അയ്യപ്പൻ 1938 ൽ സോഷ്യലിസ്റ്റ് പാർട്ടിക്ക് രൂപം നൽകി. മൂന്ന് മന്ത്രിസഭകളിൽ അംഗമായിരുന്ന അയ്യപ്പൻ പിന്നീട് സജീവ രാഷ്ട്രീയത്തിൽ നിന്ന പിൻമാറി. ചെറിയ റോഡുകൾ മാത്രമുണ്ടായിരുന്ന എറണാകുളത്ത് അയ്യപ്പന്റെ ആസൂത്രണ മികവിന് തെളിവാണ് എം. ജി റോഡ്.

വി.ടി. ഭട്ടതിരിപ്പാട്

അമ്പലത്തിൽ ശാന്തിക്കാരനായ അക്ഷരാഭ്യാസമില്ലാത്ത യുവാവിന് ഒരു ബാലിക അക്ഷരം പഠിപ്പിച്ചുകൊടുക്കുന്നതും പിന്നീട് അക്ഷരത്തിന്റെ വെളിച്ചത്തിൽ കേരളത്തിന്റെ നവോത്ഥാന, സാഹിത്യ ചരിത്രത്തിലെ ശക്തനായ വ്യക്തിത്വമായി മാറുകയും ചെയ്ത അസാധാരണ കഥയാണ് വി. ടി. ഭട്ടതിരിപ്പാടിന്റേത്. വെള്ളിത്തിരുത്തി താഴത്തുമഠയിൽ രാമൻഭട്ടതിരിപ്പാട് എന്നാണ് വി. ടി. ഭട്ടതിരിപ്പാടിന്റെ പൂർണനാമം. പൊന്നാനി താലൂക്കിൽ വെള്ളിത്തിരുത്തി മനയിൽ ജനിച്ച വി. ടി നമ്പൂതിരിയെ മനുഷ്യനാക്കിയ സാമൂഹ്യ പരിഷ്കർത്താവായിട്ടാണ് ചരിത്രം വിലയിരുത്തുന്നത്. നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾ നീക്കി അവരെ പുരോഗതിയിലേക്ക് കൈപിടിച്ചയർത്താൻ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. യോഗക്ഷേമ സഭയിൽ യുവജന വിഭാഗത്തിന്റെ നേതാവായിരുന്ന വി. ടി. 1929 ൽ നമ്പൂതിരിയുവജന സംഘത്തിന്റെ സെക്രട്ടറിയായി.

1920 ൽ യുവജന സംഘത്തിന്റെ മാസികയായ ഉണ്ണിനമ്പൂതിരിയിൽ പ്രസിദ്ധീകരിച്ച യാഥാസ്ഥികരുടെ ചിന്തകളെ തച്ചടച്ച നാടകമാണ് അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്. വിധവാ വിവാഹത്തിനും മിശ്രവിവാഹത്തിനും മുൻകൈയെടുത്ത വി. ടി തന്റെ കുടുംബത്തിലും അത് പ്രായോഗികമാക്കി. സമുദായത്തിൽ വൻ വിപ്ളവങ്ങൾക്ക് തിരികൊളുത്തിയ വി. ടിയുടെ അച്ഛന്റെ ശവസംസ്കാര ചടങ്ങിന് ബന്ധുക്കൾ പങ്കെടുത്തില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സമുദായത്തിന് ഉണർവ് നൽകി, പരിഷ്കരണങ്ങളിലേക്ക് അവരെ നയിച്ചു.

കൃതികൾ: കണ്ണീരും കിനാവും (കേരള സാഹിത്യ അക്കാഡമി പുരസ്കാരം), കർമ്മ വിപാകം, രജനീരംഗം, സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു. കാലത്തിന്റെ സാക്ഷി, എന്റെ മണ്ണ്, വിശക്കാത്ത ദൈവവും വിശക്കുന്ന മനുഷ്യനും.



വി.ടി. ഭട്ടതിരിപ്പാട്